# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 482

26.04.2017-ൽ
മറുപടിയ്ക്ക്

### മങ്കട നിയോജക മണ്ഡലത്തിൽ വ്യവസായ സോൺ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
| എ) മങ്കട നിയോജക മണ്ഡലത്തിൽ വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി സർക്കാർ ഭൂമി ഏറ്റെടുക്കുമെന്ന് 2016-17 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളപ്രകാരം മങ്കട നിയോജക മണ്ഡലത്തിലെ മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനായി കിൻഫ്രയും വ്യവസായ വകുപ്പും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | എ) | മങ്കട നിയോജക മണ്ഡലത്തിൽ വ്യവസായ സോൺ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 690 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി കിൻഫ്ര ഇതുവരെ ഏറ്റെടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഏകോപിപ്പിക്കുന്നത് റവന്യൂ അധികൃതരാണ്. റവന്യൂ വകുപ്പിൽ നിന്ന് ഇത് സംബന്ധിച്ച് അറിയിപ്പ് ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. |
| ബി) ഭൂമി കൈമാറി ലഭിച്ചാൽ ഏതു തലത്തിലുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ; | ബി) | കിൻഫ്രക്ക് ഭൂമി കൈമാറിയ ശേഷം കിൻഫ്രയുടെ സാങ്കേതിക ടീം പ്രസ്തുത ഭൂമി പരിശോധിച്ച ശേഷം മാത്രമെ പ്രോജക്ടുകൾ തീരുമാനിക്കുകയുള്ളൂ. |
| സി) വ്യവസായ സോൺ ആരംഭിക്കുന്നത് സംബന്ധിച്ച് കിൻഫ്ര പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ? | സി) | ഇതുമായി ബന്ധപ്പെട്ട് കിൻഫ്ര പഠന റിപ്പോർട്ട് ഒന്നും തയ്യാറാക്കിയിട്ടില്ല.. |

സെക്ഷൻ ഓഫീസർ